**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1994** | **29-09-2025 - ൽ മറുപടിയ്ക്ക്**

**കപ്പൽ അപകടങ്ങളെ തുടർന്ന് മത്സ്യസമ്പത്തിൽ ഉണ്ടായ പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. യു. എ. ലത്തീഫ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തുടർച്ചയായി ഉണ്ടായ രണ്ട് കപ്പൽ അപകടങ്ങൾ മത്സ്യസമ്പത്തിനെ എപ്രകാരം ബാധിച്ചിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | കേരള തീരത്ത് 24-05-2025-ന് എം. എസ്. സി. എൽസ 3 എന്ന ചരക്ക് കപ്പൽ അപകടത്തിൽപ്പെട്ടതിനെ തുടർന്ന് 27-05-2025-ന് ചേർന്ന മന്ത്രിതല യോഗത്തിൽ സ്ഥിതി ഗതികൾ വിലയിരുത്തി മത്സ്യ ഉപഭോഗം സംബന്ധിച്ച് പൊതുജനങ്ങളിലുള്ള ഭീതി ഒഴിവാക്കുന്നതിന് ആവശ്യമായ സാംപ്ലിംഗ്, ടെസ്റ്റിംഗ് എന്നിവ സ്റ്റാന്റേർഡ് പ്രോട്ടോകോൾ പ്രകാരം നടത്തി പ്രാഥമിക റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ CIFT, CMFRI, KUFOS എന്നീ സ്ഥാപനങ്ങൾ സമുദ്ര ജല സാമ്പിളുകളും, മത്സ്യസാമ്പിളുകളും മറ്റും പരിശോധിച്ച് പ്രാഥമിക റിപ്പോർട്ടുകൾ സമർപ്പിച്ചിരുന്നു. മത്സ്യ സാമ്പിളുകളെല്ലാം ഭക്ഷ്യയോഗ്യമാണ് എന്നും, മത്സ്യ സാമ്പിളുകളൊന്നും അരോചകമായ ഗന്ധമോ, രുചിയോ ഇല്ല എന്നും, ജല സാമ്പിളുകളുടെ pH, ലവണാംശം, ചാലകത എന്നിവ സാധാരണ സമുദ്രജലത്തിന്റെ അവസ്ഥയിലാണ് എന്നും, എണ്ണയുമായി ബന്ധപ്പെട്ട ജൈവ സംയുക്തങ്ങളുടെ സാന്നിധ്യം പ്രാഥമിക പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്നും CIFT ന്റെ പരിശോധനാ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. CMFRI സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിലും സമാന വിവരങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>കപ്പലിൽ നിന്നും വലിയ അളവിൽ പ്ലാസ്റ്റിക് നർഡിലുകൾ, ശിഥിലമായ പഞ്ഞിക്കെട്ടുകൾ, മറ്റ് അവശിഷ്ടങ്ങൾ എന്നിവയുടെ സാന്നിധ്യം ഒരു പ്രധാന ആശങ്കയായി മാറിയിട്ടുണ്ടായിരുന്നു എന്നും, കണ്ടെയ്നറുകളിൽ നിന്നുള്ള ചരക്കുകളുടെയോ എണ്ണ അവശിഷ്ടങ്ങളുടെയോ സാന്നിധ്യം കൊണ്ട് |

| | | | |
|---|---|---|---|
| | | | കാലക്രമേണ കടലിലെ ആവാസവ്യവസ്ഥകൾക്കോ, പരിസ്ഥിതിയ്ക്കോ എന്തെങ്കിലും പ്രത്യാഘാതങ്ങൾ ഉണ്ടാകുമോ എന്ന് വിലയിരുത്തുന്നതിന് തുടർച്ചയായ നിരീക്ഷണം ആവശ്യമാണെന്നും, ഇന്ധനത്തിൽ നിന്നും മറ്റ് മാലിന്യങ്ങളിൽ നിന്നുമുള്ള എണ്ണ അവശിഷ്ടങ്ങൾ കണ്ടെത്തുന്നതിനുള്ള അവശിഷ്ട ഗുണനിലവാര വിലയിരുത്തലുകൾ ഉൾപ്പെടെ, തുടർ നിരീക്ഷണം ആവശ്യമാണെന്നും CMFRIയുടെ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്.<br><br>എറണാകുളം, ആലപ്പുഴ, കൊല്ലം തീരങ്ങളിൽ നിന്നുള്ള ജല, മത്സ്യ സാമ്പിളുകളുടെ പ്രാഥമിക സാമ്പിൾ പഠനങ്ങളുടെ റിപ്പോർട്ട് കുഫോസ് സമർപ്പിച്ചിട്ടുണ്ട്. മത്സ്യ സാമ്പിളുകൾ ഉപഭോഗത്തിന് സുരക്ഷിതമാണെന്ന് റിപ്പോർട്ടിൽ വ്യക്തമാക്കുന്നുണ്ട്. കൊല്ലത്തിന് സമീപമുള്ള തീരദേശത്ത് നിന്നും (10 മീറ്റർ, 30 മീറ്റർ, 50 മീറ്റർ ആഴത്തിൽ) ശേഖരിച്ച മത്സ്യമുട്ട സാമ്പിളുകളെ (അയല, നെയ് മത്തി, നെത്തോലി) സംബന്ധിച്ച KUFOS ന്റെ ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. മുങ്ങിയ കപ്പലിൽ നിന്നുള്ള കണ്ടെയ്നറുകളും പ്ലാസ്റ്റിക് പെല്ലറ്റുകളും നാഗർകോവിൽ വരെയുള്ള തീരപ്രദേശങ്ങളിൽ എത്തിയിട്ടുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു. കൊല്ലത്തിന് സമീപമുള്ള 10 മീറ്റർ ആഴത്തിലുള്ള സ്റ്റേഷനിൽ നിന്ന് ശേഖരിച്ച അയല മുട്ടകളുടെ 70% ചുരുങ്ങൽ, മെയ് 25 നും 30 നും ഇടയിൽ ചില കണ്ടെയ്നറുകളിൽ അടങ്ങിയിരിക്കുന്ന കുമ്മായം സമീപ തീരദേശ ജലത്തിന്റെ pH ലും ക്ഷാരത്വത്തിലും മാറ്റം വരുത്തിയിരിക്കാനുള്ള സാധ്യതയെ സൂചിപ്പിക്കുന്നു എന്നും, ഇത് മെയ് 25 നും 30 നും ഇടയിൽ അയല മുട്ടകളുടെ ഓസ്മോട്ടിക് അസന്തുലിതാവസ്ഥയ്ക്കും അത് വഴി മത്സ്യമുട്ട ചുരുങ്ങുന്നതിന് കാരണമായിട്ടുണ്ടെന്നും റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. അടുത്ത വർഷത്തെ മത്സ്യബന്ധനത്തിൽ ഇതിന്റെ സാധ്യമായ പ്രത്യാഘാതങ്ങൾ വിലയിരുത്തുന്നതിന് ഉപരിതല ജലത്തിന്റെ pH, ക്ഷാരാംശം (MLD) എന്നിവയിൽ എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടോ എന്ന് കണ്ടെത്താൻ ടി പ്രദേശത്ത് തുടർച്ചയായ പതിവ് നിരീക്ഷണം ആവശ്യമാണ് എന്നും KUFOS ന്റെ ഇടക്കാല റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്.<br><br>രാസവസ്തുക്കളുടെ സാന്നിദ്ധ്യം മത്സ്യങ്ങളുടെ ഗുണനിലവാരത്തെ ബാധിച്ചിട്ടില്ല എങ്കിലും പരിസ്ഥിതിക്കും, ആവാസ വ്യവസ്ഥയ്ക്കും, ജൈവ വൈവിദ്ധ്യത്തിനും അപരിഹാര്യമായ ആഘാതങ്ങൾ സൃഷ്ടിക്കാൻ സാധ്യതയുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇതിന്റെ അടിസ്ഥാനത്തിൽ മത്സ്യത്തൊഴിലാളികൾക്ക് ഉചിതമായ നഷ്ടപരിഹാരം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (ബി) | കേരള തീരത്ത് 24-05-2025 ന് എം. എസ്. സി. എൽസ 3 എന്ന ചരക്ക് കപ്പൽ അപകടത്തിൽപ്പെട്ടതിനെ തുടർന്ന് എറണാകുളം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലെ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനം നടത്താൻ കഴിയാതിരുന്ന സാഹചര്യം കണക്കിലെടുത്ത് 03-06-2025 ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ 1,05,518 സമുദ്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് (ഇതിൽ 78,498 സമുദ്ര മത്സ്യത്തൊഴിലാളി കുടുംബങ്ങളും 27,020 അനുബന്ധ മത്സ്യത്തൊഴിലാളി കുടുംബങ്ങളും ഉൾപ്പെടുന്നു) ഇടക്കാല ആശ്വാസമായി SDRF-ൽ നിന്ന് ഓരോ കുടുംബത്തിനും 1,000/- രൂപ വീതം ധനസഹായം നൽകാനും അപകടത്തെത്തുടർന്നുണ്ടായ ഉപജീവനമാർഗ്ഗ നഷ്ടം നികത്തുന്നതിനായി ഓരോ കുടുംബത്തിനും 6 കിലോ അരി വീതം നൽകാനും തീരുമാനിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ എറണാകുളം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ തീരദേശ ജില്ലകളിലെ 1,05,518 സമുദ്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 1,000/- രൂപ വീതം നൽകുന്നതിന് 10,55,18,000/- രൂപ അനുവദിക്കുകയും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ ടി ജില്ലകളിലെ മത്സ്യത്തൊഴിലാളികൾക്ക് 6 കിലോ അരി വീതം സിവിൽ സപ്ലൈസ് വകുപ്പ് മുഖേന വിതരണം ചെയ്തിട്ടുണ്ട്.<br><br>പരിസ്ഥിതിക്ക് സംഭവിച്ച നാശനഷ്ടങ്ങൾ, പരിസ്ഥിതി പുനഃസ്ഥാപനം, ശുചീകരണ പ്രവർത്തനങ്ങൾ, മറ്റു അനുബന്ധ ചെലവുകൾ, പ്രാദേശിക മത്സ്യബന്ധന സമൂഹങ്ങൾക്കുള്ള നഷ്ടപരിഹാരം എന്നിവ ഉൾപ്പെടെ പ്രാഥമികമായി കണക്കാക്കി, Polluter - pays തത്വം മുൻനിർത്തി, സംസ്ഥാന സർക്കാരിന് കീഴിലെ പരിസ്ഥിതി വകുപ്പ് കപ്പൽ കമ്പനിയിൽ നിന്ന് 9,531.11 കോടി രൂപ നഷ്ടപരിഹാരം ആവശ്യപ്പെട്ട് ബഹു. കേരള ഹൈക്കോടതിയിൽ അഡ്മിറാൽറ്റി സ്യൂട്ട് (Admiralty Suit) ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസിൽ തിരുവനന്തപുരത്തെ വിഴിഞ്ഞം തുറമുഖത്ത് നങ്കൂരമിട്ടിരിക്കുന്ന ഇതേ കമ്പനിയുടെ ഉടമസ്ഥതയിലുള്ള MSC AKITETA II എന്ന ചരക്ക് കപ്പലിനെ അറസ്റ്റ് ചെയ്യാൻ 2025 ജൂലൈ 7 ന് ബഹുമാനപ്പെട്ട കോടതി ഉത്തരവിട്ടു. ഇതിനെതിരെ കപ്പൽ കമ്പനി കോടതിയെ സമീപിച്ചെങ്കിലും സംസ്ഥാന സർക്കാർ ശക്തമായ തെളിവുകൾ നിരത്തിയിതിന്റെ ഫലമായി, കപ്പലപകടത്തിന്റെ |

| | | | |
|---|---|---|---|
| | | | മലിനീകരണ പ്രശ്നങ്ങളും ഭീഷണിയും സംസ്ഥാനം നേരിടുന്നതിനാൽ, അഡ്മിറാൽറ്റി സ്യൂട്ട് നൽകാൻ സംസ്ഥാന സർക്കാരിന് അധികാരമുണ്ടെന്ന് 2025 സെപ്റ്റംബർ 25 ന് ബഹുമാനപെട്ട കോടതി പുറപ്പെടുവിച്ച വിധിയിൽ വ്യക്തമാക്കിയിട്ടുണ്ട്. കപ്പൽ കമ്പനി 1227.62 കോടി രൂപ സെക്യൂരിറ്റി തുക നിക്ഷേപിക്കാനും, തുക നിക്ഷേപിക്കുന്നത് വരെ MSC AKITETA II കപ്പൽ അറസ്റ്റിൽ തുടരുന്നതിനും ഇടക്കാല ഉത്തരവിൽ പറഞ്ഞിട്ടുണ്ട്.<br><br>മേൽ വിവരിച്ച തരത്തിൽ, കപ്പൽ കമ്പനിയിൽ നിന്നും നഷ്ടപരിഹാരം ഈടാക്കി മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിനുള്ള ഊർജ്ജിത നടപടികളാണ് സർക്കാർ സ്വീകരിച്ച് വരുന്നത്. |
| (സി) | ഇക്കാര്യത്തിൽ കപ്പൽ കമ്പനികൾക്കെതിരെ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ? | (സി) | കേരള തീരത്ത് 24-05-2025 ന് എം. എസ്. സി. എൽസ 3 എന്ന ചരക്ക് കപ്പൽ അപകടത്തിൽപ്പെട്ടതിനെ തുടർന്ന് എറണാകുളം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലെ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനം നടത്താൻ കഴിയാതിരുന്ന സാഹചര്യം കണക്കിലെടുത്ത് 03-06-2025 ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ 1,05,518 സമുദ്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് (ഇതിൽ 78,498 സമുദ്ര മത്സ്യത്തൊഴിലാളി കുടുംബങ്ങളും 27,020 അനുബന്ധ മത്സ്യത്തൊഴിലാളി കുടുംബങ്ങളും ഉൾപ്പെടുന്നു) ഇടക്കാല ആശ്വാസമായി SDRF-ൽ നിന്ന് ഓരോ കുടുംബത്തിനും 1,000/- രൂപ വീതം ധനസഹായം നൽകാനും അപകടത്തെത്തുടർന്നുണ്ടായ ഉപജീവനമാർഗ്ഗ നഷ്ടം നികത്തുന്നതിനായി ഓരോ കുടുംബത്തിനും 6 കിലോ അരി വീതം നൽകാനും തീരുമാനിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ എറണാകുളം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ തീരദേശ ജില്ലകളിലെ 1,05,518 സമുദ്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 1,000/- രൂപ വീതം നൽകുന്നതിന് 10,55,18,000/- രൂപ അനുവദിക്കുകയും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ ടി ജില്ലകളിലെ മത്സ്യത്തൊഴിലാളികൾക്ക് 6 കിലോ അരി വീതം സിവിൽ സപ്ലൈസ് വകുപ്പ് മുഖേന വിതരണം ചെയ്തിട്ടുണ്ട്.<br><br>പരിസ്ഥിതിക്ക് സംഭവിച്ച നാശനഷ്ടങ്ങൾ, പരിസ്ഥിതി പുനഃസ്ഥാപനം, ശുചീകരണ പ്രവർത്തനങ്ങൾ, മറ്റു അനുബന്ധ ചെലവുകൾ, പ്രാദേശിക മത്സ്യബന്ധന സമൂഹങ്ങൾക്കുള്ള നഷ്ടപരിഹാരം എന്നിവ ഉൾപ്പെടെ |

| | | | |
|---|---|---|---|
| | | | പ്രാഥമികമായി കണക്കാക്കി, Polluter - pays തത്വം മുൻനിർത്തി, സംസ്ഥാന സർക്കാരിന് കീഴിലെ പരിസ്ഥിതി വകുപ്പ് കപ്പൽ കമ്പനിയിൽ നിന്ന് 9,531.11 കോടി രൂപ നഷ്ടപരിഹാരം ആവശ്യപ്പെട്ട് ബഹു. കേരള ഹൈക്കോടതിയിൽ അഡ്മിറാൽറ്റി സ്യൂട്ട് (Admiralty Suit) ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസിൽ തിരുവനന്തപുരത്തെ വിഴിഞ്ഞം തുറമുഖത്ത് നങ്കൂരമിട്ടിരിക്കുന്ന ഇതേ കമ്പനിയുടെ ഉടമസ്ഥതയിലുള്ള MSC AKITETA II എന്ന ചരക്ക് കപ്പലിനെ അറസ്റ്റ് ചെയ്യാൻ 2025 ജൂലൈ 7 ന് ബഹുമാനപ്പെട്ട കോടതി ഉത്തരവിട്ടു. ഇതിനെതിരെ കപ്പൽ കമ്പനി കോടതിയെ സമീപിച്ചെങ്കിലും സംസ്ഥാന സർക്കാർ ശക്തമായ തെളിവുകൾ നിരത്തിയിതിന്റെ ഫലമായി, കപ്പലപകടത്തിന്റെ മലിനീകരണ പ്രശ്നങ്ങളും ഭീഷണിയും സംസ്ഥാനം നേരിടുന്നതിനാൽ, അഡ്മിറാൽറ്റി സ്യൂട്ട് നൽകാൻ സംസ്ഥാന സർക്കാരിന് അധികാരമുണ്ടെന്ന് 2025 സെപ്റ്റംബർ 25 ന് ബഹുമാനപെട്ട കോടതി പുറപ്പെടുവിച്ച വിധിയിൽ വ്യക്തമാക്കിയിട്ടുണ്ട്. കപ്പൽ കമ്പനി 1227.62 കോടി രൂപ സെക്യൂരിറ്റി തുക നിക്ഷേപിക്കാനും, തുക നിക്ഷേപിക്കുന്നത് വരെ MSC AKITETA II കപ്പൽ അറസ്റ്റിൽ തുടരുന്നതിനും ഇടക്കാല ഉത്തരവിൽ പറഞ്ഞിട്ടുണ്ട്.<br><br>മേൽ വിവരിച്ച തരത്തിൽ, കപ്പൽ കമ്പനിയിൽ നിന്നും നഷ്ടപരിഹാരം ഈടാക്കി മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിനുള്ള ഊർജ്ജിത നടപടികളാണ് സർക്കാർ സ്വീകരിച്ച് വരുന്നത്. |

സെക്ഷൻ ഓഫീസർ